# വ്യവസായ കേരളം

60

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 MARCH 2024














## സംരംഭക മേഖലയിലെ മികവിനുള്ള

# അവാർഡുകൾ വിതരണം ചെയ്തു

വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ സംരംഭകത്വ വർഷം പദ്ധതി പ്രകാരം രണ്ട് വർഷം കൊണ്ട് അഞ്ച് ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞതായി ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞു. 2024 ലെ മികച്ച സംരംഭകർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്കുമുള്ള വ്യവസായ വാണിജ്യ വകുപ്പിന്റെ അവാർഡുകൾ വിതരണം ചെയ്യുകയായിരുന്നു ബഹു. മന്ത്രി. വിജയികളെ അഭിനന്ദിച്ച അദ്ദേഹം 71,000 ത്തിലധികം വനിതാ സംരംഭകരെ ഊ ഉദ്യമത്തിലൂടെ സൃഷ്ടിക്കാനായെന്നും പറഞ്ഞു. സംരംഭകത്വം എത്രമാത്രം ഹൃദയത്തോട് ചേർന്ന് നിൽക്കുന്നു എന്നതാണ് അവാർഡ് ജേതാക്കളുടെ പട്ടിക കാണിക്കുന്നതെന്നും ബഹു. മന്ത്രി പറഞ്ഞു.

**രണ്ട് വർഷത്തിനിടെ അഞ്ച് ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിച്ചു**
ബഹു. മന്ത്രി പി. രാജീവ്

ഓരോ സംരംഭകനും സമൂഹത്തിന്റെ അഭിവൃദ്ധിക്ക് വേണ്ടി പ്രയത്നിക്കുന്നതിനാൽ അവരുടെ പരിശ്രമങ്ങളെ അംഗീകരിക്കുകയും ആദരിക്കുകയും വേണമെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച വ്യവസായ - നോർക്ക പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐ.എ.എസ്. പറഞ്ഞു. അവാർഡ് ജേതാക്കളെ അഭിനന്ദിച്ച അദ്ദേഹം സംരംഭങ്ങൾക്ക് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ശ്രമങ്ങളെ അഭിനന്ദിച്ചു. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വളർച്ചയോടെ സംസ്ഥാനം മികച്ച സമ്പദ് വ്യവസ്ഥയായി മാറുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്. സ്വാഗതം ആശംസിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ) ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ ഐ.എ.എസ്. , തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ) ഡയറക്ടർ ശ്രീ. അലക്സ് വർഗീസ് ഐ.എ.എസ്., കെഎസ്ഐഡിസി എക്സിക്യുട്ടീവ് ഡയറക്ടർ ശ്രീമതി. ആനി ജൂല തോമസ് ഐ.എ.എസ്., വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. രാജീവ്, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ എക്സിക്യുട്ടീവ് ചെയർമാൻ ശ്രീ. അജിത്കുമാർ കെ., കിൻഫ്ര എംഡി ശ്രീ. സന്തോഷ് കോശി തോമസ്, കെ.എസ്എസ്ഐഎ സംസ്ഥാന പ്രസിഡന്റ് ശ്രീ. എ നിസാറുദ്ദീൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

സമഗ്ര സംഭാവനയ്ക്കുള്ള അവാർഡ് ശ്രീമതി. പമേല ആൻ മാത്യു മാനേജിങ് ഡയറക്ടർ, OEN ഇന്ത്യ ലിമിറ്റഡ് സ്വന്തമാക്കി. മികച്ച സൂക്ഷ്മ സംരംഭത്തിനുള്ള (ഉല്പാദന മേഖല) സംസ്ഥാന അവാർഡ് 2021- 22 ശ്രീ. സുജിത്ത് എൻ മെ. കല്യാണി ഫുഡ് പ്രോഡക്ട്സ്, കൊല്ലം; മികച്ച ചെറുകിട സംരംഭം (ഉല്പാദന മേഖല) ശ്രീ. കുര്യൻ ജോസ് എസ് .ആർ. മെ. മറൈൻ ഹൈഡ്രോ കോളോയിഡ്സ്, എറണാകുളം; മികച്ച ഇടത്തരം സംരംഭം (ഉല്പാദന മേഖല) ശ്രീ. വസന്തകുമാരൻ ഗോപാലപിള്ള മെ. സൗപർണ്ണിക എക്സ്പോർട്ട് എന്റർപ്രൈസസ്, കൊല്ലം; മികച്ച വൻകിട സംരംഭം (ഉല്പാദന മേഖല) ഡോ. ബാബു പി മാളിയേക്കൽ മെ. ഏകെ നാച്ചുറൽ ഇൻഗ്രേഡിയന്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, പത്തനംതിട്ട എന്നിവർ സ്വന്തമാക്കി.



മികച്ച പട്ടികജാതി വിഭാഗത്തിലെ സംരംഭം സംസ്ഥാന അവാർഡ് 2021- 22 ശ്രീ. മണി എം. മെ. ഫൈകോർ ഇലക്ട്രോണിക്സ്, മലപ്പുറവും മികച്ച വനിതാ സംരംഭകക്കുള്ള സംസ്ഥാന അവാർഡ് ശ്രീമതി. ഉമ്മു സൽമ സഞ്ജീവനി കുടുംബശ്രീ യൂണിറ്റ്, മലപ്പുറവും സ്വന്തമാക്കി. മികച്ച കയറ്റുമതി അധിഷ്ഠിത സംരംഭമായി ശ്രീ. ജീമോൻ കെ കോര മെ. മാൻ കാൻകർ ഇൻഗ്രേഡിയന്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം പുരസ്കാരം സ്വന്തമാക്കി. ഉല്പാദന മേഖലയിലെ മികച്ച സ്റ്റാർട്ടപ്പ് പുരസ്കാരത്തിന് ശ്രീ. നിതീഷ് സുന്ദരേശൻ മെ. വർഷ്യ എക്കോ സൊല്യൂഷൻസ്, തിരുവനന്തപുരം അർഹമായി. മികച്ച കോർപ്പറേഷനുള്ള സംസ്ഥാന അവാർഡ് (2022- 23) തൃശൂർ മുൻസിപ്പൽ കോർപ്പറേഷനാണ്. മികച്ച ഗ്രാമപഞ്ചായത്തായി കൊല്ലം ജില്ലയിലെ ചവറയും മികച്ച മുനിസിപ്പാലിറ്റിയായി പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് മുനിസിപ്പാലിറ്റിയും തിരഞ്ഞെടുക്കപ്പെട്ടു.




കേരള ബ്രാൻഡ് ലോഗോ പ്രകാശനം ബഹു. വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവ്വഹിക്കുന്നു

# കേരള ബ്രാൻഡിങ്ങിലൂടെ ഉത്പാദകനെയും ഉപഭോക്താവിനെയും സംരക്ഷിക്കും

## ബഹു. മന്ത്രി പി.രാജീവ്

കേരള ബ്രാൻഡിങ്ങിലൂടെ വിപണിയും ഗുണനിലവാരവും ഉറപ്പുവരുത്തി ഉത്പാദകനെയും ഉപഭോക്താവിനെയും സംരക്ഷിക്കുമെന്ന് ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്. കേരള ബ്രാൻഡ് പദ്ധതിക്കു അപേക്ഷിക്കുന്നതിനായി തയ്യാറാക്കിയ ഓൺലൈൻ പോർട്ടലിന്റെ ഉദ്ഘാടനവും ബ്രാൻഡ് ലോഗോയുടെ പ്രകാശനവും നിർവഹിക്കുകയായിരുന്നു ബഹു. മന്ത്രി.

കേരളം ലോകമറിയുന്ന ബ്രാൻഡാണ്. വിദ്യാഭ്യാസം, ആരോഗ്യം ഇവയൊക്കെ ലോകനിലവാരത്തിലുള്ളതാണ്. ലോകവിപണിയിൽ കേരളത്തിലെ ഉത്പന്നങ്ങളെ സമർഥമായി വിനിയോഗിക്കാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കപ്പെടണം. അതിനുവേണ്ടിയാണ് കേരള ബ്രാൻഡിങ് ഉൾപ്പെടെയുള്ളവ വ്യവസായ വകുപ്പ് നടപ്പിലാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. www.keralabrand.indutsry.kerala.gov.in എന്ന പോർട്ടലിൽ സംരംഭങ്ങൾക്ക് കേരള ബ്രാൻഡിനായി അപേക്ഷിക്കാനാകും.

### കേരള ബ്രാൻഡ് ലോഗോ പ്രകാശനം നിർവ്വഹിച്ചു

ബഹു. തിരുവനന്തപുരം നിയമസഭാംഗം ശ്രീ. ആന്റണി രാജു അധ്യക്ഷത വഹിച്ചു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാരായ ശ്രീ. സുമൻ ബില്ല ഐ.എ.എസ്., ശ്രീ. എ.പി.എം. മു ഹമ്മദ് ഹനീഷ് ഐ.എ.എസ്., വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്., കെ.എസ്.ഐ.ഡി.സി. എക്സിക്യുട്ടീവ് ഡയറക്ടർ ശ്രീമതി ആനീ ജൂലാ തോമസ് ഐ.എ.എസ്., ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർ മേഷൻ എക്സിക്യുട്ടീവ് ചെയർമാൻ ശ്രീ. കെ.അജിത്കുമാർ, കിൻഫ്ര മാനേജിങ് ഡയറക്ടർ ശ്രീ. സന്തോഷ് കോശി തോമസ്, കേരള ചെറുകിട വ്യവസായ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദ്ദീൻ, സി.ഐ.ഐ. കേരള പ്രതിനിധി ശ്രീ. ജിജിമോൻ ചന്ദ്രൻ, ഫിക്കി കേരള പ്രതിനിധി ശ്രീ. സാവിയോ മാത്യു എന്നിവർ ചടങ്ങിൽ സംസാരിച്ചു.

### ഒരു സംരംഭകൻ പിറന്ന കഥ 06




വ്യവസായ വകുപ്പിന്റെ സഹായത്തോടുകൂടി ശ്രീ സൈദലിക്കുട്ടി എന്ന സംരംഭകന്റെ ഉടമസ്ഥതയിൽ VP FLOUR MILL എന്ന സ്ഥാപനം മലപ്പുറം, വളാഞ്ചേരിയിൽ പ്രവർത്തനം ആരംഭിച്ചു. PMFME സ്കീമിൽ ഉൾപ്പെടുത്തി Kerala Gramin Bank, Valancherry ശാഖയുടെ സഹായത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കിയത്.

## ലോകത്തിലെ ഏറ്റവും വലിയ ഭക്ഷ്യ പ്രദർശന വിപണന മേളയിൽ നിറസാന്നിധ്യമായി കേരള പവലിയൻ

കേരളത്തിലെ പ്രമുഖ ഭക്ഷണ ബ്രാൻഡുകൾ ലോകത്തിന് മുന്നിൽ അവതരിപ്പിച്ച് **ദുബായിൽ സംഘടിപ്പിച്ച ഗൾഫുഡ് 2024**ൽ നിറസാന്നിധ്യമായി കേരള പവലിയൻ. ഭക്ഷ്യവസ്തുക്കളുടെയും ആസ്വാദ്യകരമായ പാനീയങ്ങളുടെയും ലോകത്തിലെ ഏറ്റവും വലിയ ഭക്ഷ്യ പ്രദർശന വിപണന മേളയിലാണ് കേരളത്തിലെ സംരംഭകർ വ്യത്യസ്തതയാർന്ന തങ്ങളുടെ സംരംഭങ്ങളുമായി അണിനിരന്നത്.




വ്യവസായ വകുപ്പിന് വേണ്ടി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെഎസ്ഐഡിസി) ഒരുക്കിയ പവലിയൻ നോർക്ക-വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐ.എ.എസ് ഉദ്ഘാടനം ചെയ്തു. വ്യവസായ വാണിജ്യ ഡയറക്ടറും കെഎസ്ഐഡിസി എം.ഡിയുമായ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ് ചടങ്ങിൽ പങ്കെടുത്തു. അഞ്ച് ദിവസം നീണ്ട് നിന്ന ഗൾഫുഡ് 2024 ന്റെ 19-ാമത് മേളയിൽ 190 ലധികം രാജ്യങ്ങളിൽ നിന്ന് സന്ദർശകരെത്തിയിരുന്നു. കേരളത്തിൽ നിന്നുള്ള 12 സംരംഭകരാണ് പ്രദർശനത്തിൽ പങ്കെടുത്തത്.

ഭക്ഷ്യമേഖലയിൽ കേരളത്തിൽ നിന്ന് വളർന്നു വരുന്ന അവസരങ്ങളും ഈ രംഗത്തെ വിജയഗാഥകളും വെളിവാക്കുന്നതായിരുന്നു കേരള പവലിയൻ. 'കേരളം - ഇന്ത്യയുടെ സുഗന്ധവ്യഞ്ജന തലസ്ഥാനം' എന്ന പ്രമേയം കേന്ദ്രീകരിച്ചുള്ള നിക്ഷേപക സംഗമം പ്രദർശനനത്തിനോടനുബന്ധമായി 2024 ഫെബ്രുവരി 21 ആം തീയതി ബുധനാഴ്ച വൈകുന്നേരം 7 ന് ദുബായിലെ റിറ്റ്സ് കാൾട്ടണിൽ സംഘടിപ്പിച്ചു.


Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.